| 10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും<br>Economic Advice and Statistics | | |
|---|---|---|
| ബഡ്ജറ്റ് തുക ( രൂപ ആയിരത്തിൽ ) Budget Outlay (Rs. in Thousands) | | |
| സംസ്ഥാന പദ്ധതികൾ<br>State Plan Schemes | കേന്ദ്രാവിഷ്കൃത / സംസ്ഥാന പദ്ധതികൾക്ക് പുറമെയുള്ള പദ്ധതികൾ<br>Centrally Sponsored/ Other Outside State Plan Schemes | മൊത്തം പദ്ധതി വിഹിതം<br>Gross Plan Outlay |
| **55000** | **1045200** | **1100200** |

**സ്റ്റേറ്റ്മെന്റ് IV - സംസ്ഥാന പദ്ധതികൾ**
**STATEMENT IV - STATE PLAN**
**പരിപാടികളുടെ വിവരങ്ങൾ**
**SCHEMATIC DETAILS**

| കോഡ് നമ്പർ<br>Code No. | പദ്ധതിയുടെ പേര്<br>Name of Scheme | | കണക്കിനം<br>Demand/Head of Account | ബഡ്ജറ്റ് എസ്റ്റിമേറ്റ്<br>Budget Estimate<br>2022-2023 | പുതുക്കിയ എസ്റ്റിമേറ്റ്<br>Revised Estimate<br>2022-2023 | ബഡ്ജറ്റ് എസ്റ്റിമേറ്റ്<br>Budget Estimate<br>2023-2024<br>രൂപ ആയിരത്തിൽ<br>(Rs. in Thousands) |
|---|---|---|---|---|---|---|
| | | | | (രൂപ ലക്ഷത്തിൽ) | (Rs. in Lakh) | |
| (1) | (2) | | (3) | (4) | (5) | (6) |
| | **10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും** | **Economic Advice and Statistics** | | | | |
| EAS 001 | സാമ്പത്തിക ശാസ്ത്രവും സ്ഥിതിവിവരക്കണക്കുകളും വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ നിലവാരമുയർത്തൽ | Upgradation of Computer Division in the Directorate of Economics and Statistics | [XXVIII]<br>3454-02-203-98 | 60.00 | 45.49 | 11000 |
| EAS 004 | നിരീക്ഷണങ്ങളും പഠനങ്ങളും | Surveys and Studies | [XXVIII]<br>3454-02-112-96 | 25.00 | 18.25 | 2500 |
| EAS 006 | ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ കംപ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ | Strengthening of Computer Division in District Statistical Offices | [XXVIII]<br>3454-02-203-95 | 80.00 | 21.29 | 8000 |
| EAS 007 | വാഹനങ്ങൾ മാറ്റിവാങ്ങുന്നതിന് | Replacement of Vehicles | [XXVIII]<br>3454-02-203-97 | 10.00 | 10.00 | 1000 |
| EAS 016 | ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി) -100% കേന്ദ്രസഹായം (75:25) | India Statistical Strengthening Project (ISSP) (100% CSS) ( 75:25) | [XXVIII]<br>3454-02-112-94 | | | |
| EAS 021 | സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം | Inservice Training to Statistical Personnel | [XXVIII]<br>3454-02-203-96 | 20.00 | 14.76 | 2000 |
| EAS 022 | ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി)-സംസ്ഥാന പദ്ധതി | Support for Statistical Strengthening (India Statistical Strengthening Project) | [XXVIII]<br>3454-02-112-90 | | | |
| | | | [XXVIII]<br>5475-00-112-99 | | | |
| EAS 023 | (2) സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവര കണക്കുകൾ ശക്തിപ്പെടുത്തൽ (90% സംസ്ഥാന വിഹിതം) | Strengthening of Vital Statistics in the State (State Share) | [XXVIII]<br>3454-02-111-88(02) | | | |

| കോഡ് നമ്പർ Code No. | പദ്ധതിയുടെ പേര് Name of Scheme | | കണക്കിനം Demand/Head of Account | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2022-2023 | പുതുക്കിയ എസ്റ്റിമേറ്റ് Revised Estimate 2022-2023 | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2023-2024 രൂപ ആയിരത്തിൽ (Rs. in Thousands) |
|---|---|---|---|---|---|---|
| | | | | (രൂപ ലക്ഷത്തിൽ) (Rs. in Lakh) | | |
| (1) | (2) | | (3) | (4) | (5) | (6) |
| | **10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും** | **Economic Advice and Statistics** | | | | |
| EAS 024 | സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവര കണക്കുകൾ ശക്തിപ്പെടുത്തൽ | Strengthening of Vital Statistics in the State | [XXVIII] 3454-02-111-86 | 18.00 | 12.08 | 1800 |
| EAS 025 | ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി)-സംസ്ഥാന പദ്ധതി | Support for Statistical Strengthening (India Statistical Strengthening Project-State Plan) | [XXVIII] 3454-02-112-89 | 141.00 | 55.13 | 17150 |
| EAS 027 | കേരള സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ | Kerala State Statistical Commission | [XXVIII] 3454-02-112-88 | 146.00 | 25.26 | 11550 |
| | **ആകെ മൊത്തം Sub Total** | | | **500.00** | **202.26** | **55000** |
| | **ആകെ TOTAL** | | | **500.00** | **202.26** | **55000** |

## സ്റ്റേറ്റ്മെന്റ് V
## STATEMENT V
### നൂറുശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ
### Centrally Sponsored Schemes having 100% Central assistance

(രൂപ ലക്ഷത്തിൽ)
(Rs. in Lakh)

| കോഡ് നമ്പർ Code No. | പദ്ധതിയുടെ പേര് Name of Scheme | കണക്കിനം Demand/Head of Account | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2022-2023 | പുതുക്കിയ എസ്റ്റിമേറ്റ് Revised Estimate 2022-2023 | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2023-2024 | പ്രതീക്ഷിക്കാവുന്ന കേന്ദ്ര സഹായം Anticipated Central Assistance 2023-2024 | | |
|---|---|---|---|---|---|---|---|---|
| | | | | | | ഗ്രാന്റ് Grant | വായ്പ Loan | ആകെ Total |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | **10.1 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവവീസുകൾ<br>Secretariat Economic Services** | | | | | | | |
| SES 196 | നിർഭയ ഫണ്ട് ഉപയോഗിച്ച് എല്ലാ ജില്ലകളിലും മനുഷ്യ കടത്ത് തടയൽ യൂണിറ്റുകൾ സ്ഥാപിക്കൽ<br>Setting up and Strengthening of Anti Human Trafficking in all Distrcts under Nirbhaya Fund (One time ACA) | [XII]<br>2055-00-109-89 | | 4.57 | | | | |
| SES 198 | കേരള ആന്റി നാർകോടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്<br>Kerala Anti Narcotic Special Action Force | [XII]<br>2055-00-104-95 | | 0.43 | | | | |
| SES 199 | എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ (ഇ ഒ സി) വർദ്ധനവ്<br>Augmentation of Emergency Operation Centres (EOCs) | [XXVI]<br>2245-80-102-93(03) | | | | | | |
| SES 207 | നിർഭയ ഫണ്ട് സ്കീമിന് കീഴിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ ശക്തിപ്പെടുത്തൽ- 100% സി.എസ്.എസ്<br>Strengthening of Forensic Science Laboratary under Nirbhaya Fund Scheme -100% CSS. | [XII]<br>2055-00-116-97 | | | | | | |
| | **ആകെ മൊത്തം<br>Sub Total** | | **2550.00** | **4124.14** | **2445.00** | **2445.00** | **0.00** | **2445.00** |
| | **ആകെ<br>TOTAL** | | **2550.00** | **4124.14** | **2445.00** | **2445.00** | **0.00** | **2445.00** |
| | **10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും<br>Economic Advice and Statistics** | | | | | | | |
| EAS 008 | ചെറുകിട ജലസേചന പദ്ധതിയെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്രാവിഷ്കൃതം)<br>Rationalisation of Minor Irrigation Statistics (100% CSS) | [XXVIII]<br>3454-02-112-87 | | | | | | |
| | ചെറുകിട ജലസേചന പദ്ധതിയെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്രാവിഷ്കൃതം)<br>Rationalisation of Minor Irrigation Statistics (100% CSS) | [XXVIII]<br>3454-02-112-97 | 72.00 | | | | | |
| | (1) ആർ.എം.ഐ.എസ് - കേന്ദ്ര വിഹിതം<br>RMIS - Central Share | [XXVIII]<br>3454-02-112-87(01) | | 33.17 | 116.00 | 116.00 | | 116.00 |
| | (2) ആർ.എം.ഐ.എസ് - സ്പാർക്കിലൂടെ മാറി നൽകുന്ന ശമ്പളയിന ചെലവുകൾ<br>RMIS - Salary Claims Processed through SPARK | [XXVIII]<br>3454-02-112-87(03) | | 42.17 | | | | |

## സ്റ്റേറ്റ്മെന്റ് V
## STATEMENT V
### നൂറുശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ
### Centrally Sponsored Schemes having 100% Central assistance

(രൂപ ലക്ഷത്തിൽ)
(Rs. in Lakh)

| കോഡ് നമ്പർ Code No. | പദ്ധതിയുടെ പേര് Name of Scheme | കണക്കിനം Demand/Head of Account | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2022-2023 | പുതുക്കിയ എസ്റ്റിമേറ്റ് Revised Estimate 2022-2023 | ബഡ്ജറ്റ് എസ്റ്റിമേറ്റ് Budget Estimate 2023-2024 | പ്രതീക്ഷിക്കാവുന്ന കേന്ദ്ര സഹായം Anticipated Central Assistance 2023-2024 | | |
|---|---|---|---|---|---|---|---|---|
| | | | | | | ഗ്രാന്റ് Grant | വായ്പ Loan | ആകെ Total |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | **10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും**<br>**Economic Advice and Statistics** | | | | | | | |
| | (3) ആർ.എം.ഐ.എസ്- സ്പാർക്കിലൂടെ മാറി നൽകുന്ന ശമ്പളയിന ചെലവിന് ആനുപാധികമായ കിഴിവ്<br>RMIS - Reduction towards the Salary Expenditure Claimed through SPARK | [XXVIII]<br>3454-02-112-87(04) | | | | | | |
| EAS 009 | കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)<br>Agricultural Census (100% CSS) | [XXIX]<br>2401-00-111-99 | 200.00 | 150.36 | 336.00 | 336.00 | | 336.00 |
| EAS 014 | ചെറുകിട ജലസേചന പദ്ധതിയെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്രാവിഷ്കൃതം)<br>Timely Reporting Survey of Agricultural Statistics Scheme-EARAS(100%CSS) | [XXVIII]<br>3454-02-111-89 | 8000.00 | 5273.02 | 10000.00 | 10000.00 | | 10000.00 |
| EAS 016 | ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി) -100% കേന്ദ്രസഹായം (75:25)<br>India Statistical Strengthening Project (ISSP) (100% CSS) ( 75:25) | [XXVIII]<br>3454-02-112-94 | | | | | | |
| | **ആകെ മൊത്തം**<br>**Sub Total** | | **8272.00** | **5498.72** | **10452.00** | **10452.00** | **0.00** | **10452.00** |
| | **ആകെ**<br>**TOTAL** | | **8272.00** | **5498.72** | **10452.00** | **10452.00** | **0.00** | **10452.00** |
| | **10.3 പൊതുവായ മറ്റ് സാമ്പത്തിക സർവ്വീസുകൾ**<br>**Other General Economic Services** | | | | | | | |
| | ***I***<br>***Regulation of Weights and Measures*** | | | | | | | |
| OGE 028 | വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ നിർമ്മാണം (കേന്ദ്രാവിഷ്കൃതം)<br>Construction of Working Standard Laborataries (CSS) | [XXVIII]<br>5475-00-800-81(01) | | | | | | |
| | **ആകെ മൊത്തം**<br>**Sub Total** | | **0.00** | **0.00** | **0.00** | **0.00** | **0.00** | **0.00** |
| | **ആകെ**<br>**TOTAL** | | **0.00** | **0.00** | **0.00** | **0.00** | **0.00** | **0.00** |
| PWS 039 | 2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കു മാറ്റിയ വിഹിതം (100% CSS)<br>Establishment Charges Transferred on Percentage Basis (100% CSS) | [XV]<br>4059-80-001-97 | | | | | | |

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 5 | NEETHI - Constitutional, Legal and Digital Literacy Programme (new) | |
| 6 | ARIVU - Self-Paced MOOCs for inclusive development | |
| 7 | Internal Capacity Building/Program Management Unit/Administrative Expenses | |
| 8 | IT Expenses | |
| 9 | IEC Activities | |
| | **Total** | **50.00** |

**65. Rebuild Kerala Initiative (RKI)**

**(Outlay: ₹ 90483.00 lakh)**

The magnitude of the disaster caused by the rains and floods in August 2018 is unprecedented in the history of Kerala. Rebuild Kerala Initiative (RKI) aims to rebuild Kerala in a speedy and effective manner to implement various activities comes under it. With support from UN and World Bank Agencies Rebuild Kerala Initiative (RKI) has developed a holistic plan to rebuild Kerala through the Rebuild Kerala Development Programme (RKDP). New major projects should be envisioned for the state with higher standards of infrastructure may be adopted. RKI is a state level institutional modality for formulating and coordinating the implementation of a resilient Kerala, and mandated to develop, coordinate facilitate and monitor the Rebuild Kerala Development Programme (RKDP) through participatory and inclusive process.

The finance department would provide funds as provided in the Annual Plan through the mechanism envisaged for the RKI. Funds necessary for implementing the project will have to be raised from multiple sources viz. state budget (including assistance from Bilateral Agencies like World Bank, German Bank etc.), additional allocation under Central Government schemes, crowd funding, mobilization through CMDRF, NABARD funding through NIDA, HUDCO and other loans.

An outlay of ₹ 90483.00 lakh is provided for the year 2023-24 to facilitate the smooth and timely implementation of the projects under RKI covering LSG ( Roads), PWD (Roads and Bridges), Public building repairs & reconstruction, water supply and sanitation, disaster preparedness, transport, livelihood activities etc. Finance department will release funds based on the recommendation of Planning & Economic Affairs Department.

## 10.2 ECONOMIC ADVICE AND STATISTICS

### DEPARTMENT OF ECONOMICS AND STATISTICS

**1. Modernisation of Department of Economics and Statistics** (Erstwhile Up gradation of Computer Division in the Directorate of Economics and Statistics)

**(Outlay: ₹ 110.00 lakh)**

Department of Economics & Statistics is the nodal agency in the State responsible for the systematic collection, compilation, analysis, objective interpretation and dissemination of statistics relating to various sectors of the economy. The department also publishes time series data on various socio economic aspects. Recognizing the growing demand for data

DES gave top priority to modernize and strengthen the IT division in the Directorate, thereby improving the State Statistical System and uplift the statistical system in the State to the level of national and international standards. Hence to equip the directorate with IT infrastructure, purchase of Laptop computers, LCD projector and other ICT peripherals are proposed in this scheme.

An outlay of ₹ 110.00 lakh is provided in the budget for the year 2023-24 for the following components:

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 1 | Modernisation of DES with latest ICT technology<br>a. Application development cost<br>b. Implementation charges- security audit, training etc.<br>c. Consultancy charges to DUK | 50.00 |
| 2 | Purchase of Laptops, Scanners, LCD projectors, MS Office packages, etc. | 60.00 |
| 3 | AMC, repair and maintenance charges | |
| 4 | Repair and maintenance of Computer Division, repair and maintenance of printing press | |
| 5 | Training on software development and data analysis | |
| 6 | Digitisation of old publications | |
| 7 | Salary of Deputy Director | |
| | **Total** | **110.00** |

**2. Strengthening of Computer Division in Districts**

**(Outlay: ₹ 80.00 lakh)**

The Department of Economics and Statistics has 14 District Statistical Offices [DSO] and 62 Taluk Statistical Offices [TSO]. Each DSO has a computer unit. The main activities of these computer units are data entry, data processing, DTP work etc. The majority of data entry work of Censuses/Surveys is carried out by the computer units, of District and Taluk Offices and they transfer it to Directorate through network system. An outlay of ₹ 80.00 lakh is provided in the budget for the year 2023-24 to modernize and strengthen the computer units in the district/taluk offices.

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 1 | Purchase of Laptop – e-office implementation in District Offices. | 80.00 |
| 2 | e-office manpower support | |
| 3 | Purchase of LCD projector | |
| 4 | Purchase of Photocopier Machines | |
| 5 | Purchase of Antivirus software (3 user pack) | |
| 6 | Up gradation of UPS | |
| 7 | Replacement of printers in Taluks | |
| 8 | Broadband connectivity in District and Taluk offices | |
| 9 | AMC and Other recurring charges | |
| 10 | Furnishing of District and Taluk offices | |
| | **Total** | **80.00** |

## 3. In-service Training to Statistical Personnel

**(Outlay: ₹ 20.00 lakh)**

The objective of the scheme is to impart adequate training to the staff for improving quality in collection of data. An outlay of ₹ 20.00 lakh is provided in the budget for the year 2023-24 to meet the expenses in connection with the following programmes.

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 1 | Regional level Training to price collectors/Statistical Inspectors/ Research Assistants/TSOs involved in collection of Market Intelligent Price | 20.00 |
| 2 | Regional level training to officers engaged in daily price, dietary price, farm retail and wholesale price etc. | |
| 3 | Annual State level training on 80th round of National Sample Survey | |
| 4 | Publicity (Print Media, Visual Media and Social Media) Charges | |
| 5 | National Sample Survey Scrutiny training 80th round | |
| 6 | Training on Sample design and estimation Procedure Training on NSS Estimation Procedure | |
| 7 | In-service training to field staff engaged in EARAS | |
| 8 | In service training to staff engaged in Spot Check Survey | |
| 9 | In service training to staff engaged in Sample Registration System | |
| 10 | State level training on Evaluation Studies Survey methodology | |
| 11 | State level training on Spatial data | |
| 12 | State level training on Cost of Cultivation Survey | |
| 13 | User Interaction workshop on Cost of Cultivation Survey | |
| 14 | Training on wage Structure Survey and Building statistics | |
| 15 | In service training programme to statistical personnel engaged in ASI | |
| 16 | Scrutiny training programme to statistical personnel engaged in ASI | |
| 17 | Training programme on IIP and Whole sale price Index | |
| 18 | Capacity enhancement programme for supervisors and field staff. | |
| 19 | Conduct workshop/seminar in connection with Statistics Day Celebration. | |
| 20 | Purchase of Table and Chairs in the Dining Hall | |
| 21 | Laptop for Training Division | |
| 22 | Purchase of 5 KV UPS for the conference hall in the Directorate of Economics and Statistics | |
| 23 | Purchase of Online Camera and Camera Stand, One Codeless Mike for the conference hall in the Directorate of Economics and Statistics | |

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 24 | Expenses of printing Departmental publications. | |
| 25 | TA and other training expenses of officers to attend the training/meeting/workshop | |
| | **Total** | **20.00** |

**4. Surveys and Studies**

**(Outlay: ₹ 25.00 lakh)**

Surveys and studies are necessary for bridging the data gaps in statistical system. The Department is conducting Ad-hoc surveys and studies regularly to fill data gap on subject on social and economic importance for planning and development purposes. An outlay of ₹ 25.00 lakh is provided in the budget for the year 2023-24.

| Sl. No. | Item | Amount (₹ in lakh) |
|---|---|---|
| 1 | Prodigious in-migration in Kerala: Economic and Social Aspects Study (As per the recommendations of Niyama sabha estimates committee, 2019-21) | 25.00 |
| | **Total** | **25.00** |

**5. Support for Statistical Strengthening Project**

**(Outlay: ₹ 287.00 lakh)**

The major activities of the project are to develop the State Academy on Statistical Administration (SASA) into a premier institute for training and research, provide training to statistical officials, support all the activities of Kerala Statistical Commission and continue the compilation process of Consumer Price Index (Rural/Urban/Combined). In 2023-24, an outlay of ₹ 287.00 lakh is provided for the scheme to continue the statistical activities initiated as part of Support for Statistical Strengthening Project. The components proposed are listed below.

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| 1 | Administrative Expenses for SASA | 71.50 |
| 2 | Construction/Furnishing of SASA Building and other expenses. | |
| 3 | Computation of Consumer Price Index (R,U &C) | 20.00 |
| 4 | Periodic Labour Force Survey | 70.00 |
| 5 | Training Programmes, Seminars and Workshops, Research and Development Activities | 10.00 |
| 6 | Preparation of Business Register | |
| 7 | Basic Statistics for Local Level Development | |
| | **Sub Total** | **171.50** |

| | | |
|---|---|---|
| 8 | **Kerala State Statistical commission (KSSC)**<br>Administrative expenses of KSSC, expenses for workshop, studies, expert committee, honorarium/sitting fee/consultants and other charges,Travelling Allowance | 115.50 |
| | **Grand Total** | **287.00** |

6. **Strengthening of Vital Statistics in the state**

**(Outlay: ₹ 18.00 lakh)**

Registration of Births and Deaths Act 1969 has made reporting and registration of births and deaths compulsory throughout the country. One of the main objectives of the act is to collect information about medical certification of causes of death. An amount of ₹ 18.00 lakh is provided for the year 2023-24 for meeting the cost of Nosologist.

7. **Replacement/Hiring of Vehicle**

**(Outlay: ₹ 10.00 lakh)**

The scheme is proposed for the replacement of the vehicle in Directorate of Economics and Statistics, District office Alappuzha and District office Pathanamthitta. An amount of ₹ 10.00 lakhs is provided in the budget for replacing/hiring of vehicles during 2023-24.

## 10.3 OTHER GENERAL ECONOMIC SERVICES

### REGULATION OF WEIGHTS AND MEASURES (LEGAL METROLOGY)

**1.Improvement in Quality and Efficiency of Verification- Computerization & Modernization**

**(Outlay: ₹ 280.00 lakh)**

The scheme is intended to modernize the Legal Metrology Department for ensuring efficient and standard functioning. An amount of ₹ 280.00 lakh is provided for the year 2023-24 to improve the Calibration and Measurement Capability of the Standards Laboratories of the department and for other modernization programmes as given below.

| Sl. No. | Component | Amount (₹ in lakh) |
|---|---|---|
| | **A- Modernisation** | |
| 1 | Setting up of Secondary Standard Laboratory at Legal metrology Head Quarters (1 unit) | 75.00 |
| 2 | Maintenance and improvement of Standards of laboratories and Testing Equipment | 40.00 |
| 3 | Purchase of Stamping punches, sealing studs and stamping pliers | 17.00 |
| 4 | Calibration, accreditation fee for Gold Assaying and Testing Laboratory | 7.00 |
| 5 | Purchase of vehicle for the use of legal metrology controller | 15.00 |
| 6 | Development of dedicated Departmental Portal (LMOMS) and e- Governance projects | 114.00 |
| | **Sub Total** | **268.00** |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 3 | ലിംഗഭേദവും ഇൻക്ലൂസിവ് പദ്ധതിയും | |
| 4 | ദിശ – കരിയർ ഗൈഡൻസും വ്യക്തിത്വ വികസന പരിപാടി യും (പുതിയത് ) | |
| 5 | നീതി – ഭരണഘടനാ, നിയമ, ഡിജിറ്റൽ സാക്ഷരതാ പരിപാടി (പുതിയത് ) | |
| 6 | അറിവ് – ഇൻക്ലൂസീവ് ഡവലപ്പ്മെന്റിനായി സ്വയം സമയം നിശ്ചയിച്ച് പങ്കെടുക്കാവുന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ (MOOC) | |
| 7 | ഇന്റേണൽ കാര്യശേഷി വർദ്ധിപ്പിക്കൽ/പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്/ഭരണപരമായ ചെലവുകൾ | |
| 8 | ഐടി ചെലവുകൾ | |
| 9 | ഐ.ഇ.സി പ്രവർത്തനങ്ങൾ | |
| | ആകെ | 50.00 |

**65. കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾ (ആർകെഐ)**

**(വിഹിതം: 90483.00 ലക്ഷം രൂപ)**

2018 ആഗസ്റ്റിൽ ഉണ്ടായ അതിശക്തമായ മഴയും പ്രളയവും കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത തരത്തിലുള്ള ദുരന്തമാണുണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ഏറ്റവും വേഗത്തിലും ഫലപ്രദവുമായ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നതാണ് റിബിൽഡ് കേരള ഇനിഷ്യറ്റീവിന്റെ (ആർകെഐ ) ലക്ഷ്യം. യുഎൻ, ലോകബാങ്ക് ഏജൻസികളുടെ പിന്തുണയോടെ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ (ആർകെഡിപി) കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ് ആർകെഐ. അടിസ്ഥാന സൗകര്യവികസനത്തിൽ ഉയർന്ന നിലവാരമുള്ള പുതിയ പദ്ധതികൾ സംസ്ഥാനത്തിനായി വിഭാവനം ചെയ്യണം. പ്രതിരോധശേഷിയുള്ള കേരളത്തിന്റെ നിർവഹണത്തിനും ഏകോപനത്തിനും വേണ്ടിയുള്ള ഒരു സംസ്ഥാനതല സ്ഥാപന രീതിയാണ് ആർകെഐ. പങ്കാളിത്തവും ഉൾക്കൊള്ളുന്നതുമായ പ്രക്രിയയിലൂടെ പുനർനിർമ്മിക്കുന്ന കേരള വികസന പരിപാടി (ആർകെഡിപി) വികസിപ്പിക്കാനും ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആർകെഐ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആർകെഐക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന വിഹിതം വിഭാവനം ചെയ്തിട്ടുള്ള സംവിധാനത്തിലൂടെ ധനവകുപ്പ് നൽകും. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ ഒന്നിലധികം സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്. അതായത് സംസ്ഥാന ബജറ്റ് (ലോകബാങ്ക്, ജർമ്മൻ ബാങ്ക് തുടങ്ങിയ ഉഭയകക്ഷി ഏജൻസികളുടെ സഹായം ഉൾപ്പെടെ), കേന്ദ്ര ഗവൺമെന്റ് പദ്ധതികൾക്ക് കീഴിലുള്ള അധിക വിഹിതം, ക്രൗഡ് ഫണ്ടിംഗ്, CMDRF വഴിയുള്ള സമാഹരണം, NIDA വഴിയുള്ള നബാർഡ് ഫണ്ടിംഗ്, HUDCO, മറ്റ് വായ്പകൾ.

LSG (റോഡുകൾ), PWD (റോഡുകളും പാലങ്ങളും), പൊതു കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ & പുനർനിർമ്മാണം, ജലവിതരണം, ശുചീകരണം, ദുരന്ത നിവാരണ തയ്യാറെടുപ്പ്, ഗതാഗതം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന RKI പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി 2023–24 വർഷത്തേക്ക് 90483.00 ലക്ഷം രൂപ വകയിരുത്തുന്നു. ആസൂത്രണ, സാമ്പത്തിക കാര്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനവകുപ്പ് ഫണ്ട് അനുവദിക്കും.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവരക്കണക്കുകളും

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

### 1. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ ആധുനികവൽക്കരണം

**(സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ)**

**(വിഹിതം: 110.00 ലക്ഷം രൂപ)**

കേരള സമ്പദ്ഘടനയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകളുടെ ശേഖരണം, ക്രോഡീകരണം, വിശകലനം, വസ്തുനിഷ്ഠമായ വ്യാഖ്യാനം, പ്രചാരണവും വ്യാപനവും മുതലായ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്തപ്പെട്ട നോഡൽ ഏജൻസിയാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്. വിവിധ സാമൂഹിക–സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള കാലാനുക്രമവിവരങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. ഡാറ്റകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം തിരിച്ചറിഞ്ഞ്, ഡയറക്ടറേറ്റിലെ ഐടി ഡിവിഷൻ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വകുപ്പ് മുൻഗണന നൽകുകയും, അതുവഴി സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്കൽ സംവിധാനത്തെ ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. അതിനാൽ ഡയറക്ടറേറ്റിന്റെ ഐടി ഇൻഫ്രാസ്ട്രക്ചർ സജ്ജീകരിക്കുന്നതിന്,

ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ, എൽസിഡി പ്രൊജക്ടർ, മറ്റ് ഐസിടി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

2023-24 വർഷത്തെ ബജറ്റിൽ ഇനിപ്പറയുന്ന ഘടകങ്ങൾക്കായി 110.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു:

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആധുനിക ICT ടെക്നോളജി ഉപയോഗിച്ച് വകുപ്പിന്റെ ആധുനിക വൽക്കരണം | 50.00 |
| എ) | ആപ്ലിക്കേഷൻ ഡെവലപ്മെന്റ് ചെലവുകൾ | |
| ബി) | സെക്യൂരിറ്റി ആഡിറ്റ്, പരിശീലനം തുടങ്ങിയവയുടെ ചെലവുകൾ | |
| സി) | കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കുള്ള കൺസൾട്ടൻസി ചെലവുകൾ | |
| 2 | ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ, സ്കാനർ, എൽസിഡി പ്രൊജക്ടറുകൾ, MS ഓഫീസ് പാക്കേജുകൾ മുതലായവ വാങ്ങൽ | 60.00 |
| 3 | എഎംസിയും അറ്റകുറ്റപണിയും പരിപാലനവും | |
| 4 | കമ്പ്യൂട്ടർ ഡിവിഷന്റെ അറ്റകുറ്റപ്പണിയും പരിപാലനവും, പ്രിന്റിംഗ് പ്രസിന്റെ അറ്റകുറ്റപ്പണിയും പരിപാലനവും | |
| 5 | സോഫ്റ്റ്‌വെയർ വികസനം, ഡാറ്റാ വിശകലനം എന്നിവയിൽ പരിശീലനം | |
| 6 | പഴയ പ്രസിദ്ധീകരണത്തിന്റെ ഡിജിറ്റൈസേഷൻ | |
| 7 | ഡെപ്യൂട്ടി ഡയറക്ടറുടെ ശമ്പളം | |
| | **ആകെ** | **110.00** |

**2. ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ**

**(വിഹിതം: 80.00 ലക്ഷം രൂപ)**

സാമ്പത്തിക, സ്ഥിതി വിവരക്കണക്ക് വകുപ്പിന് 14 ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ഡിഎസ്ഒ] 62 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും [ടിഎസ്ഒ] ഉണ്ട്. ഓരോ ഡിഎസ്ഒ ക്കും ഒരു കമ്പ്യൂട്ടർ യൂണിറ്റ് ഉണ്ട്. ഡാറ്റാ എൻട്രി, ഡാറ്റാ പ്രോസസിംഗ്, ഡി.റ്റി.പി. ജോലികൾ എന്നിവയാണ് ഈ യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. ജില്ലാ, താലൂക്ക് ഓഫീസുകളിലെ സെൻസസ്/സർവേകളുടെ ഡാറ്റാ എൻട്രി ജോലികളിൽ ഭൂരിഭാഗവും കമ്പ്യൂട്ടർ യൂണിറ്റുകൾ ആണ് ചെയ്യുന്നത്. അത് നെറ്റ്‌വർക്ക് സിസ്റ്റം വഴി ഡയറക്ടറേറ്റിലേക്ക് കൈമാറുന്നു. ജില്ലാ/താലൂക്ക് ഓഫീസുകളിലെ കമ്പ്യൂട്ടർ യൂണിറ്റുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 2023-24 വർഷത്തെ ബജറ്റിൽ 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 1 | ലാപ്ടോപ്പ് കമ്പ്യൂട്ടറുകളുടെ വാങ്ങൽ - ജില്ലാ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ | 80.00 |
| 2 | ഇ-ഓഫീസ് മാനവ ശേഷി പിന്തുണ | |
| 3 | എൽസിഡി പ്രൊജക്ടർ വാങ്ങൽ | |
| 4 | ഫോട്ടോകോപ്പിയർ മെഷീനുകൾ വാങ്ങൽ | |
| 5 | ആന്റിവൈറസ് സോഫ്റ്റ്‌വെയർ വാങ്ങൽ (3 യൂസർ പായ്ക്ക്) | |
| 6 | യുപിഎസിന്റെ അപ് ഗ്രേഡേഷൻ | |
| 7 | താലൂക്കുകളിൽ പ്രിന്ററുകൾ മാറ്റിസ്ഥാപിക്കൽ | |
| 8 | ജില്ലാ, താലൂക്ക് ഓഫീസുകളിൽ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി | |
| 9 | എഎംസിയും മറ്റ് ആവർത്തന ചെലവുകളും | |
| 10 | ജില്ലാ, താലൂക്ക് ഓഫീസുകളുടെ ഫർണിഷിംഗ് | |
| | **ആകെ** | **80.00** |

**3. സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം**

**(വിഹിതം : 20.00 ലക്ഷം രൂപ)**

വിവരശേഖരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെ പറയുന്ന പരിപാടികൾക്കായി 2023-24 ൽ 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | മാർക്കറ്റ് ഇന്റലിജന്റ് പ്രൈസ് ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രൈസ് കളക്ടേഴ്സ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാർ/റിസർച്ച് അസിസ്റ്റന്റുമാർ/TSO കൾ എന്നിവർക്കുള്ള പ്രാദേശിക തല പരിശീലനം | 20.00 |
| 2 | ദൈനംദിന വില, ഭക്ഷണ വില, ഫാം റീട്ടെയിൽ, മൊത്ത വില തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രാദേശിക തല പരിശീലനം. | |
| 3 | ദേശീയ സാമ്പിൾ സർവേയുടെ 80–ാം റൗണ്ട് സംബന്ധിച്ച് വാർഷിക സംസ്ഥാനതല പരിശീലനം | |
| 4 | പബ്ലിസിറ്റി (പ്രിന്റ് മീഡിയ, വിഷ്വൽ മീഡിയ, സോഷ്യൽ മീഡിയ) ചെലവുകൾ | |
| 5 | ദേശീയ സാമ്പിൾ സർവേ 80–ാം റൗണ്ട് സൂക്ഷ്മപരിശോധന പരിശീലനം | |
| 6 | എൻഎസ്എസ് എസ്റ്റിമേഷൻ നടപടിക്രമത്തെക്കുറിച്ചുള്ള മാതൃകാ രൂപകല്പനയും എസ്റ്റിമേറ്റ് സംബന്ധിച്ച പരിശീലനം | |
| 7 | EARAS–ൽ ഏർപ്പെട്ടിരിക്കുന്ന ഫീൽഡ് സ്റ്റാഫുകൾക്ക് ഇൻ സർവ്വീസ് പരിശീലനം | |
| 8 | സ്പോട്ട് ചെക്ക് സർവേയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഇൻ സർവ്വീസ് പരിശീലനം | |
| 9 | സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഇൻ സർവ്വീസ് പരിശീലനം | |
| 10 | ഇവാല്യവേഷൻ സ്റ്റഡീസ് സർവേ രീതിശാസ്ത്രത്തിൽ സംസ്ഥാനതല പരിശീലനം | |
| 11 | സ്പേഷ്യൽ ഡാറ്റയിൽ സംസ്ഥാനതല പരിശീലനം | |
| 12 | കൃഷിച്ചെലവ് സർവേയിൽ സംസ്ഥാനതല പരിശീലനം | |
| 13 | കൃഷിയുടെ ചെലവ് സർവേയെക്കുറിച്ചുള്ള ഉപയോക്തൃ ഇടപെടൽ ശിൽപശാല | |
| 14 | വേതന ഘടന സർവേ, കെട്ടിട സ്ഥിതിവിവരക്കണക്കുകൾ എന്നിവയിൽ പരിശീലനം | |
| 15 | എഎസ്ഐയിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്കുള്ള ഇൻ സർവ്വീസ് പരിശീലനം | |
| 16 | എഎസ്ഐയിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് സൂക്ഷ്മപരിശോധന പരിശീലന പരിപാടി | |
| 17 | IIP, മൊത്ത വിൽപ്പന വില സൂചിക എന്നിവയെക്കുറിച്ചുള്ള പരിശീലന പരിപാടി | |
| 18 | സൂപ്പർവൈസർമാരുടെയും ഫീൽഡ് സ്റ്റാഫിന്റെയും കാര്യശേഷി വർധിപ്പിക്കൽ പരിപാടി. | |
| 19 | സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണത്തോടനുബന്ധിച്ച് ശിൽപശാല/സെമിനാർ | |
| 20 | ഡൈനിംഗ് ഹാളിൽ മേശയും കസേരയും വാങ്ങൽ | |
| 21 | പരിശീലന വിഭാഗത്തിനുള്ള ലാപ്ടോപ്പ് | |
| 22 | ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ കോൺഫറൻസ് ഹാളിനായി 5 കെവി യുപിഎസ് വാങ്ങൽ | |
| 23 | ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിലെ | |

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | കോൺഫറൻസ് ഹാളിനായി ഓൺലൈൻ ക്യാമറയും ക്യാമറ സ്റ്റാൻഡും, ഒരു കോഡ്ലെസ് മൈക്കും വാങ്ങൽ | |
| 24 | വകുപ്പുതല പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനുള്ള ചെലവുകൾ. | |
| 25 | ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ/മീറ്റിംഗുകൾ/വർക്ക്ഷോപ്പുകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്തയും മറ്റ് പരിശീലന ചെലവുകളും | |
| | ആകെ | 20.00 |

**4. സർവ്വേകളും പഠനങ്ങളും**

**(വിഹിതം: 25.00 ലക്ഷം രൂപ)**

സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റത്തിലെ ഡാറ്റ വിടവുകൾ നികത്തുന്നതിന് സർവ്വേകളും പഠനങ്ങളും ആവശ്യമാണ്. ആസൂത്രണത്തിനും വികസന ആവശ്യങ്ങൾക്കുമായി സാമൂഹിക സാമ്പത്തിക പ്രാധാന്യമുള്ള വിഷയത്തിലെ ഡാറ്റ വിടവ് നികത്തുന്നതിന് ഡിപ്പാർട്ട്മെന്റ് കൃത്യമായി അഡ്-ഹോക്ക് സർവേകളും പഠനങ്ങളും നടത്തുന്നു. 2023-24 വർഷത്തെ ബജറ്റിൽ ഇതിനായി 25.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരളത്തിലെ വലിയ രീതിയിലുള്ള കുടിയേറ്റം: സാമ്പത്തിക സാമൂഹിക വശങ്ങൾ പഠനം (നിയമ സഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം, 2019-21) | 25.00 |
| | ആകെ | 25.00 |

**5. സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതിക്കുള്ള സഹായം**

**(വിഹിതം: 287.00 ലക്ഷം രൂപ)**

പരിശീലനത്തിനും ഗവേഷണത്തിനുമുള്ള ഒരു പ്രധാന സ്ഥാപനമായി സ്റ്റേറ്റ് അക്കാദമി ഫോർ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസ) വികസിപ്പിക്കുക, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുക, ഉപഭോക്തൃ വില സൂചിക (ഗ്രാമീണ/അർബൻ/സംയോജിത) സമാഹരിക്കൽ പ്രക്രിയ തുടരുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. 2023-24-ൽ, സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്തനിംഗ് പ്രോജക്റ്റിനുള്ള പിന്തുണയുടെ ഭാഗമായി ആരംഭിച്ച സ്ഥിതിവിവരക്കണക്ക് പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പദ്ധതി വിഹിതമായി 287.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഘടകങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | SASA-യ്ക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 71.50 |
| 2 | SASA കെട്ടിടത്തിന്റെ നിർമ്മാണം/ഫർണിഷിംഗും മറ്റ് ചെലവുകളും | |
| 3 | ഉപഭോക്തൃ വില സൂചികയുടെ (ഗ്രാമീണ/അർബൻ/സംയോജിത) കണക്കുകൂട്ടൽ | 20.00 |
| 4 | ആനുകാലിക ലേബർ ഫോഴ്സ് സർവേ | 70.00 |
| 5 | പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപശാലകൾ, ഗവേഷണ വികസന പ്രവർത്തനങ്ങൾ | 10.00 |
| 6 | ബിസിനസ് രജിസ്റ്റർ തയ്യാറാക്കൽ | |
| 7 | പ്രാദേശിക തല വികസനത്തിനുള്ള അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ | |
| | ആകെ | 171.50 |

| | | |
|---|---|---|
| 8 | **കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ (KSSC)**<br>KSSC യുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, വർക്ക്ഷോപ്പുകൾ, പഠനങ്ങൾ, വിദഗ്ധ സമിതി, ഓണറേറിയം/സിറ്റിംഗ് ഫീസ്/കൺസൾട്ടന്റുകൾ, മറ്റ് ചാർജ്ജുകൾ, യാത്രാ അലവൻസ് തുടങ്ങിയ ചെലവുകൾ | 115.50 |
| | **ആകെ മൊത്തം** | **287.00** |

**6. സംസ്ഥാനത്തെ ജനന മരണ സ്ഥിതി വിവരകണക്കുകൾ ശക്തിപ്പെടുത്തൽ**

**(വിഹിതം: 18.00 ലക്ഷം രൂപ)**

ജനന മരണ രജിസ്ട്രേഷൻ നിയമം-1969 നടപ്പിൽ വന്നതോടെ രാജ്യത്ത് ജനന മരണങ്ങളുടെ റിപ്പോർട്ടിംഗും രജിസ്ട്രേഷനും നിർബന്ധമാക്കിയിരിക്കുകയാണ്. മരണ കാരണങ്ങളുടെ മെഡിക്കൽ സർട്ടിഫിക്കേഷന്റെ വിവര ശേഖരണമാണ് ഈ നിയമത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യം. 2023-24 ൽ 18.00 ലക്ഷം രൂപ 'നോസോളജിസ്റ്റിന്റെ' മാനവശേഷി ചെലവുകൾ നൽകുന്നതിനായി വകയിരുത്തുന്നു.

**7. വാഹനം മാറ്റി വാങ്ങൽ/വാഹനം വാടകയ്ക്കെടുക്കൽ**

**(വിഹിതം: 10.00 ലക്ഷം രൂപ)**

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ആലപ്പുഴ ജില്ലാ ഓഫീസ്, പത്തനംതിട്ട ജില്ലാ ഓഫീസ് എന്നിവിടങ്ങളിൽ വാഹനം മാറ്റി വാങ്ങുന്നതിന് പദ്ധതി നിർദ്ദേശിക്കുന്നു. 2023-24 കാലയളവിൽ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്നതിനുമായി 10.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുത്തുന്നു.

## 10.3 മറ്റ് പൊതു സാമ്പത്തിക സേവനങ്ങൾ

**തൂക്കങ്ങളുടെയും അളവുകളുടെയും നിയന്ത്രണം (ലീഗൽ മെട്രോളജി)**

**1. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ - കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും**

**(വിഹിതം: 280.00 ലക്ഷം രൂപ)**

കാര്യക്ഷമവും നിലവാരമുള്ളതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ കാലിബ്രേഷൻ, മെഷർമെന്റ് ശേഷി മെച്ചപ്പെടുത്തുന്നതിനും മറ്റ് ആധുനികവൽക്കരണ പരിപാടികൾക്കുമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2023-24 വർഷത്തേക്ക് 280.00 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| | **എ-ആധുനികവൽക്കരണം** | |
| 1 | ലീഗൽ മെട്രോളജി ഹെഡ് ക്വാർട്ടേഴ്സിൽ സെക്കൻഡറി സ്റ്റാൻഡേർഡ് ലബോറട്ടറി സ്ഥാപിക്കൽ (1 യൂണിറ്റ്) | 75.00 |
| 2 | ലബോറട്ടറികളുടെ ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പരിപാലനവും മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തലും | 40.00 |
| 3 | സ്റ്റാമ്പിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡുകൾ, സ്റ്റാമ്പിംഗ് പ്ലയർ എന്നിവ വാങ്ങൽ | 17.00 |
| 4 | ഗോൾഡ് അസെയിംഗ് ആൻഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കാലിബ്രേഷൻ, അക്രഡിറ്റേഷൻ ഫീസ് | 7.00 |
| 5 | ലീഗൽ മെട്രോളജി കൺട്രോളറുടെ ഉപയോഗിക്കുന്നതിനായി വാഹനം വാങ്ങൽ | 15.00 |
| 6 | ഡെഡിക്കേറ്റഡ് ഡിപ്പാർട്ട്മെന്റൽ പോർട്ടലിന്റെയും (LMOMS)ഇ-ഗവേണൻസ് പ്രോജക്റ്റുകളുടെയും വികസനം | 114.00 |
| | **ആകെ** | **268.00** |
| | **ബി- നിർമ്മാണം** | |